# രണ്ടാം പാദവാർഷിക മൂല്യനിർണയം 2017-18

# മലയാളം

## അടിസ്ഥാന പാഠാവലി

സ്റ്റാന്റേർഡ് IX

സമയം :1½ മണിക്കൂർ

സ്കോർ : 40

**പൊതുനിർദ്ദേശങ്ങൾ**

- ആദ്യത്തെ 15 മിനിറ്റ് ആശ്വാസസമയമാണ്. ചോദ്യങ്ങൾ വായിച്ച് ഉത്തരങ്ങൾ മനസ്സിൽ ക്രമീകരിക്കാൻ ഈ സമയം പ്രയോജനപ്പെടുത്തണം.
- നിർദേശങ്ങൾ ശ്രദ്ധയോടെ വായിച്ചു മനസ്സിലാക്കി ഉത്തരമെഴുതുക.
- ഉത്തരമെഴുതുമ്പോൾ സമയവും സ്കോറും പരിഗണിക്കണം.

1. പട്ടിക ക്രമപ്പെടുത്തുക.

| | | |
|---|---|---|
| ഹരിതമോഹനം | ആഷാമേനോൻ | കടിഞ്ഞൂൽപ്പൂവ് കാണുന്ന കുട്ടിയുടെ വികാരവിചാരങ്ങളുടെ ആവിഷ്കാരം. |
| ഒറ്റക്കുപൂത്തൊരു വാക | ഇടശ്ശേരി | ജീവിതത്തിന്റെ തനിമയും പ്രകൃതിയുടെ സൗന്ദര്യവും തേടിപ്പോകുന്ന യാത്രികന്റെ അനുഭവം. |
| നാലിതൾപ്പൂവ് | എസ്.വി. വേണുഗോപൻ നായർ | നാഗരികജീവിതത്തിനിടയിലും പച്ചപ്പിനെയും മണ്ണിനെയും സ്നേഹിക്കുന്ന മനുഷ്യന്റെ ആകുലതകൾ. |
| അജഗജാന്തരം | സുസ്മേഷ് ചന്ത്രോത്ത് | വലുപ്പച്ചെറുപ്പങ്ങളെക്കുറിച്ചുള്ള പൊതുധാരണയെ ചോദ്യം ചെയ്യുന്ന രചന. |

(1x4=4)

**2 മുതൽ 5 വരെയുള്ള ചോദ്യങ്ങളിൽ 3 എണ്ണത്തിന് ഉത്തരമെഴുതുക. ( 2 സ്കോർ വീതം )**

2. അർഥവ്യത്യാസം വരാതെ ഒറ്റവാക്യമാക്കിയെഴുതുക.
മനയ്ക്കലെ തട്ടാനെ ശട്ടം കെട്ടി ഒരു കൊച്ചു നെറ്റിപ്പട്ടം ഉണ്ടാക്കണം.
കൊമ്പിന് ഒരു ജോഡി കുഴലാഭരണം ഉണ്ടാക്കണം .

3. " വെളുത്തു കൊലുന്നനെയുള്ള ആ ഉമ്മക്കുട്ടി മഞ്ഞു നനഞ്ഞ വള്ളിക്കുടിലിൽ വെയിൽനാളം തട്ടുന്നതുപോലെ ഒന്നു തെളിഞ്ഞു . "
ആമിനയെക്കുറിച്ച് കഥാസന്ദർഭം നൽകുന്ന രണ്ട് സൂചനകൾ കണ്ടെത്തി എഴുതുക.

4. "ആ കാട്ടുമൂലയ്ക്ക് ഏറ്റവും അനുരൂപനായ ഒരൊറ്റ മനുഷ്യനെ മാത്രമേ ഞങ്ങളവിടെ കണ്ടെത്തുള്ളൂ സമുന്തിരം."
ലേഖകൻ സമുന്തിരത്തിൽ നിരീക്ഷിച്ച രണ്ട് സവിശേഷതകൾ എഴുതുക.

5. " എത്ര കൊഴുത്ത പവർപ്പു കുടിച്ചു വറ്റിച്ചു നാം
ഒത്തിരി ശാന്തിതൻ ശർക്കര നുണയുവാൻ?"
അടിവരയിട്ട പ്രയോഗങ്ങൾ കവിയുടെ ജീവിതവുമായി ബന്ധപ്പെട്ട എന്തൊക്കെ സൂചനകളാണ് നൽകുന്നത്?

(3x2=6)

**6 മുതൽ 12 വരെയുള്ള ചോദ്യങ്ങളിൽ 6 ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക ( 4 സ്കോർ വീതം )**

6. "ആനയ്ക്കു ലേശം നീരസമുണ്ടായാൽ തീർന്നു പാപ്പാന്റെ ജന്മം. അത്തരം പ്രതികാരബുദ്ധി നല്ലവരായ കുഞ്ഞാടുകൾക്കില്ല."

ആഢ്യത്വവും വലുപ്പവുമല്ല ജീവിതത്തെ സമാധാനപൂർണ്ണമാക്കുന്നത് എന്ന നിരീക്ഷണം നാണുക്കുട്ടി എന്ന കഥാപാത്രത്തിലൂടെ വെളിപ്പെടുന്നുണ്ടോ? കഥാസന്ദർഭവുമായി ബന്ധപ്പെടുത്തി പ്രതികരണക്കുറിപ്പ് തയ്യാറാക്കുക.

7. "അല്ലച്ഛാ, അതിന്റെയൊക്കെ ബോട്ടാണിക്കൽ നെയിം വേറെയാ. അന്നേരം നമുക്കതിന്റെ ഫാമിലിയൊക്കെ അറിയാമ്പറ്റും."
"എന്തു പ്ലാന്റാ അച്ഛാ ഇത്?"
"നമ്മുടെ ഇലഞ്ഞീടേ വലുതാ."
"ഇലഞ്ഞിയല്ല മോളെ, ഇലഞ്ഞി."
പ്രകൃതിയുമായി ബന്ധപ്പെട്ട അനുഭവത്തിന്റെ പരിമിതികളാണ് തന്മയ, പീലി എന്നീ കഥാപാത്രങ്ങളിൽ നിഴലിക്കുന്നത്. കഥയിലെ മറ്റു സന്ദർഭങ്ങൾ കൂടി പരിഗണിച്ച് വിശകലനക്കുറിപ്പ് തയാറാക്കുക.

8. "ഹൃദയത്തിൽനിന്ന് എന്തോ ചില കെട്ടുകളഴിഞ്ഞുപോകുന്നതു പോലെ തോന്നി. വെളിച്ചത്തിന്റെ ഒരു തള്ളിക്കയറ്റം; അമ്പരപ്പിക്കുന്ന തള്ളിക്കയറ്റം."
( വെളിച്ചത്തിന്റെ വിരലുകൾ)
നിസ്വാർഥമായ സ്നേഹം മനുഷ്യമനസ്സിനെ ഔന്നത്യത്തിലേക്ക് നയിക്കുന്നു എന്ന യാഥാർഥ്യമാണോ ഹസ്സൻ എന്ന കഥാപാത്രത്തിലൂടെ നോവലിസ്റ്റ് വ്യക്തമാക്കുന്നത്? നിരീക്ഷണക്കുറിപ്പ് തയാറാക്കുക.

9. വെള്ളത്തിൽ നിന്ന കുട്ടിയെ ഓടിച്ചെന്നു കൈയിലെടുത്തുയർത്തി അവന്റെ തള്ളയ്ക്കടുത്തു കൊണ്ടു ചെന്നു വിട്ട് അയാൾ അവരോടു കയർത്തു:
"കണ്ണൊണ്ടോ നിങ്ങടെ മൊഖത്ത്?
കൊച്ചിപ്പം വെള്ളം കുടിച്ച് ചത്തേനെല്ലോ."
ഈ ദൃശ്യം ശങ്കരൻകുട്ടിയിൽ വന്ന മാറ്റം ആവിഷ്കരിക്കാൻ പര്യാപ്തമാണോ? തിരക്കഥയിലെ ഇതര സന്ദർഭങ്ങൾകൂടി പരിഗണിച്ച് വിശകലനക്കുറിപ്പ് തയാറാക്കുക.

10. "പല്ലു മുഴുവൻ മരക്കറ തേച്ചു കറുപ്പിച്ച ആ സ്ത്രീ ചിരിക്കുമ്പോഴും കരയുകയാണെന്നേ തോന്നൂ".

ആമിനയുടെ ജീവിതസാഹചര്യത്തോട് ഇണങ്ങുന്ന കഥാപാത്രത്തെയാണോ സഹായിയായി അവതരിപ്പിച്ചത്? സഹായി എന്ന കഥാപാത്രത്തിന്റെ മറ്റു പ്രത്യേകതകൾ കൂടി പരിഗണിച്ച് കുറിപ്പ് തയാറാക്കുക.

11. "എല്ലാവരും അയാളെ നോക്കി.. അയാൾ ആടിനെ മാത്രം കണ്ടു..
ആരും അയാളോടു മിണ്ടിയില്ല. അയാൾ ആടിനോടു മാത്രം ഒച്ചയിട്ടു"

സമൂഹത്തിന്റെ തീർപ്പുകൾക്ക് വഴങ്ങാത്തവരോട് സമൂഹം പെരുമാറുന്ന രീതി മുകളിൽ കൊടുത്ത കഥാഭാഗവുമായി ബന്ധപ്പെടുത്തി വിശകലനം ചെയ്യുക.

12. ആഖ്യാനം ഒന്ന്

യാത്രക്കാരൻ പരിക്ഷീണനായി ചിന്താഭാരം പേറുന്ന മുഖത്തോടെ കുതിരവണ്ടിയിൽ നിന്നിറങ്ങി മുന്നിൽക്കാണുന്ന ഗേറ്റിലേക്ക് നോക്കി. പതുക്കെ മുന്നോട്ടും നടന്ന് നൂറ്റാണ്ടുകളുടെ ചരിത്രഭാരം പേറുന്നതുപോലെ തോന്നിക്കുന്ന ആ വലിയ ഇരുമ്പുഗേറ്റ് തള്ളിത്തുറന്നു.

ആഖ്യാനം രണ്ട്

അയാൾ കുതിരവണ്ടിയിൽ നിന്നിറങ്ങി. യാത്രാക്ഷീണം സ്ഫുരിക്കുന്ന മുഖം . പഴയ ഇരുമ്പുഗേറ്റിലേക്ക് നോക്കുന്നു. പതുക്കെ നടക്കുന്നു. തള്ളിത്തുറക്കുന്നു.

ഈ കൊടുത്ത ആഖ്യാനങ്ങളിൽ സിനിമയുടെ ദൃശ്യഭാഷയ്ക്ക് ചേരുന്ന വിവരണമേത്? നിങ്ങളുടെ തിരഞ്ഞെടുപ്പിനുള്ള യുക്തി വിശദമാക്കുന്ന കുറിപ്പ് തയാറാക്കുക.

(6x4=24)

**13-14 ചോദ്യങ്ങളിൽ ഏതെങ്കിലും ഒന്നിന് ഉത്തരമെഴുതുക.(സ്കോർ 6 വീതം)**

13. • ചെറുതിൽനിന്ന് വലുതിലേക്ക് മാത്രമല്ല; വലുതിൽനിന്ന് ചെറുതിലേക്കും മനുഷ്യന് വളരാം.

• ചങ്ങല പിടിച്ച കൈകളിൽ കയറേന്തിയപ്പോൾ നാണുക്കുട്ടിക്ക് എന്തെന്നറിയാത്തൊരനുഭൂതി, ഒരു മൃദുലത, ഒരു ലഘിമ ........

• യുഗാന്തരങ്ങൾ തോറും സമാധാനത്തിന്റെ ദൂതന്മാർ പിറക്കാനും വളരാനും തൊഴുത്തു തേടിയതു വെറുതെയാണോ? ഈ വെളിപാടിന്റെ ശീതളച്ഛായയിൽ അയാൾ സസുഖം മയങ്ങി.

'അജഗജാന്തരം' എന്ന ശീർഷകം മുതൽ കഥാന്ത്യം വരെ വ്യത്യസ്തമായ വായനാനുഭവമാണ് കഥ നൽകുന്നത്. പ്രമേയം, ആഖ്യാനരീതി, കഥാപാത്ര സവിശേഷതകൾ എന്നിവ പരിഗണിച്ച് ആസ്വാദനക്കുറിപ്പ് തയാറാക്കുക.

14. "രണ്ടോ മൂന്നോ കണ്ണീർക്കണങ്ങൾ ആ പടിക്കാൽ പിടിച്ച കൈപ്പടത്തിന്മേൽ ഇറ്റിറ്റു വീണു. അവയ്ക്ക് തീത്തൈലത്തിന്റെ ചൂടുണ്ടായിരിക്കണം."

"ഇക്ക് ഒരെടങ്ങറും ഇല്ലാച്ചോ. ഇഞ്ഞി എടങ്ങറുണ്ടായി എന്നാത്തന്നെ എന്തായി, ചാവോളമല്ലേ മനിസന് എടങ്ങറുള്ളൂ."

"മോൻ പോയ്ക്കോ" ഇതു പറഞ്ഞപ്പോൾ മായന്റെ തൊണ്ടയിടറി. കുറേക്കൂടി പറയണമെന്നുണ്ടായിരുന്നു. പക്ഷേ, തന്നെ തനിക്ക് ഒതുക്കാൻ കഴിഞ്ഞില്ലെങ്കിലോ എന്നവൻ ഭയപ്പെട്ടു.

മുകളിൽ നൽകിയിരിക്കുന്ന സൂചനകളും പാഠഭാഗത്തെ മറ്റു സന്ദർഭങ്ങളും പരിഗണിച്ച് മായൻ എന്ന കഥാപാത്രത്തെ നിരൂപണം ചെയ്ത് ലഘു ഉപന്യാസം തയാറാക്കുക.

(1x6=6)